പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.869 — 13.06.2012 ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഉമ്മർ | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമത്തിനായി സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ വിശദമാക്കുമോ; | (എ) യുവജനങ്ങളുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ടു കൊണ്ട് വിവിധങ്ങളായ പദ്ധതികൾ യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനു പുറമെ നൂതനങ്ങളായ പദ്ധതികളും ആവിഷ്കരിച്ചു വരുന്നുണ്ട്. ജോബ് രജിസ്ട്രേഷൻ, ഇ-എംപ്ലോയ്മെന്റ്എക്സ്ചേഞ്ച്, ഇൻഫർമേഷൻ സെന്റർ, ഇന്റർനെറ്റ് സൌകര്യം തുടങ്ങി അതിനൂതനങ്ങളായ വിവിധ സാധ്യതകൾ ഉപയോഗപ്പെടുത്തി രൂപകല്പന ചെയ്ത കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വെബ്സൈറ്റ് (www.jalakam.in) യുവജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കി വരുന്നു. ബോർഡ് നടപ്പിലാക്കുന്ന പരിപാടിയുടെ വിശദവിവരങ്ങൾ www.youthkerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിയ യുവശക്തി പദ്ധതിയുടെ ഭാഗമായുള്ള യൂത്ത് സെന്ററുകൾ വഴി |

രക്തദാനഫോറം, ലേബർ ബാങ്ക്, യുവകർമ്മ സേന, കാർഷിക ക്ലബ്ബുകൾ, കാർഷിക ബോധവൽക്കരണ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, പരീക്ഷാ പരിശീലനങ്ങൾ, ആരോഗ്യ സാമൂഹിക ബോധവൽക്കരണ പരിപാടികൾ, കലാമേളകൾ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന യുവജനക്ഷേമ പരിപാടികൾ, കേരളോത്സവം എന്നിവ നടപ്പിലാക്കി വരുന്നു. പഞ്ചായത്ത് ബ്ലോക്ക്തല യുവശക്തി പ്രവർത്തനങ്ങളും മറ്റ് യുവജനക്ഷേമ പ്രവർത്തനങ്ങളും തനത് പരിപാടികളും, ജില്ലയിൽ ഏകോപിപ്പിക്കുകയും, നേതൃത്വം നൽകുകയും ചെയ്യുന്ന ചുമതല, ജില്ലാ യൂത്ത് സെന്ററുകൾ നിർവ്വഹിക്കുന്നു. ഇതു കൂടാതെ തൊഴിലില്ലാത്ത യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി സി-ഡിറ്റുമായി സഹകരിച്ച് ഒരു ജില്ലയിൽ 500 പേർക്ക് എന്ന രീതിയിൽ എല്ലാ ജില്ലകളിലും ഡി.റ്റി.പി പരിശീലന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സഹകരണത്തോടെ അഭ്യസ്ഥവിദ്യരായ എസ്.സി / എസ്.റ്റി യുവാക്കൾ / യുവതികൾക്ക് One Time Registration / Online Registration തുടങ്ങിയ കാര്യങ്ങളിൽ ജില്ലാ തലങ്ങളിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു. യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തിരുവനന്തപുരത്ത് സ്വന്തമായി ആസ്ഥാന മന്ദിരവും, ആദ്യഘട്ടം എന്ന നിലയ്ക്ക് 5 ജില്ലകളിലായി യൂത്ത് ഭവനുകളും തൊഴിലധിഷ്ഠിത പരിശീലനത്തിനായി ഒരു യുവജന പരിശീലന കേന്ദ്രവും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സ്വാമി വിവേകാനന്ദന്റെ നൂറ്റിയൻപതാമത് ജന്മദിനത്തോടനുബന്ധിച്ച് ശ്രീരാമകൃഷ്ണ മിഷനുമായി സഹകരിച്ച് വിവിധ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

| | |
|---|---|
| **(ബി)** സ്പോർട്സ് കോംപ്ലക്സുകൾ യുവജനക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താറുണ്ടോ; | **(ബി)** യുവജനങ്ങളുടെ കായികവും,മാനസികവുമായ വളർച്ചയ്ക്ക് സ്പോർട്സ് അവിഭാജ്യ ഘടകമാകയാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൌൺസിലിന്റെ ഉടമസ്ഥതയിലുള്ളതുൾപ്പെടെ സ്പോർട്സ് കോംപ്ലക്സുകൾ യുവജനക്ഷേമ പ്രവർത്തനങ്ങൾക്ക് വളരെയേറെ പ്രയോജനപ്പെടുന്നുണ്ട്. |
| **(സി)** 2011 – 12 വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ യുവജനക്ഷേമത്തിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | **(സി)** 2011 – 12 സാമ്പത്തിക വർഷം യുവജനക്ഷേമ ബോർഡിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ